# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4693 14.11.2019 ൽ മറുപടിക്ക്**

**റോഡ് മെയിന്റനൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡ് മെയിന്റനൻസ് വിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | എ) പൊതുമരാമത്ത് വകുപ്പിൽ ആർ.എം.എം.എസ് (റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം) നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ (സി.ആർ.ആർ.ഐ) കേന്ദ്ര റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി 19.06.2019-ന് 18 മാസ കാലാവധിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആർ.എം.എം.എസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനം ഒട്ടാകെയുള്ള 4300 കി.മീ സംസ്ഥാന പാതകളുടെ സ്ഥിതി വിവരങ്ങൾ പരിപാലന വിഭാഗം എഞ്ചിനീയർമാർ ശേഖരിച്ച് വരികയാണ്. നെറ്റ് വർക്ക് സർവ്വേ വെഹിക്കിൾ ഉപയോഗിച്ചുള്ള സർവ്വെ പ്രവൃത്തികൾ ഒക്ടോബറിൽ തന്നെ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ റോഡുകളുടെ ട്രാഫിക് സാന്ദ്രത, നിലവിലുള്ള റോഡുകളുടെ ഘടന, ആക്സിൽ ലോഡ് ടെസ്റ്റ് തുടങ്ങിയ വിവരങ്ങളും, പരിപാലന വിഭാഗം എഞ്ചിനീയർമാർ ശേഖരിച്ചു വരുന്നു. സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയെ മുൻനിർത്തി വിവിധ സംസ്ഥാനങ്ങളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്നതും വാഹന സാന്ദ്രത കൂടിയതുമായ സംസ്ഥാന പാതകളും, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, വാണിജ്യ വ്യവസായ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളും ഉൾപ്പെട്ട ശൃംഖലയായ കോർ റോഡ് നെറ്റ് വർക്കിന്റെ അന്തിമ പട്ടിക തയ്യാറാക്കിവരുന്നു. പൊതുമരാമത്ത് വകുപ്പിലെ മറ്റു വിഭാഗങ്ങൾ ചെയ്യുന്ന |

നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ ലഭിക്കുന്ന പരാതികളിന്മേൽ നിരത്ത് പരിപാലന വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തി വിശദമായ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും സമർപ്പിക്കുകയും ചെയ്യുന്നു. കൂടാതെ എസ്.എൽ.റ്റി.എഫ് പ്രവൃത്തികൾ, ശബരിമല പ്രവൃത്തികൾ തുടങ്ങിയവയുടെ അവലോകനവും നടത്തി വരുന്നു.

ബി) കാലതാമസമില്ലാതെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നിലവിലുള്ള സംവിധാനം വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

സി) വൈദ്യുതി തടസ്സമുണ്ടാകുമ്പോൾ വളരെ വേഗം പരിഹരിക്കുന്ന മാതൃകയിൽ റോഡ് മെയിന്റനൻസ് യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതിന് നടപടികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ബി) & സി) ഉണ്ട്, കരാർ ഉടമ്പടിയിലെ നൂതന ആശയമായ പി.ബി.എം.സിയോടൊപ്പം റണ്ണിംഗ് കോൺട്രാക്ട് വഴിയും പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും ലക്ഷ്യമിടുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**